# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തോളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ടിഎസ് ആർ (പി14)1355/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ടിഎസ് ആർ (പി14)1355/2023 തീയ്യതി: 23/09/2023

## തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 26-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 04-08-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-07-2023 | 04-08-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) സബിത എസ്., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.) (27.07.2023 മുതൽ 03.08.2023 വരെ)
2) മീര ടി., ഓഡിറ്റ് ഓഫീസർ
3) അനീറ്റ ഡൊമിനിക്, ഓഡിറ്റർ
4) രേഖ ഇ.സി.,ഓഡിറ്റർ (27.07.2023 മുതൽ 03.08.2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ജി പോൾസൺ | പ്രസിഡന്റ് | 01-04-2022 | 03-12-2022 |
| ശ്രീകല കുഞ്ഞുണ്ണി | പ്രസിഡന്റ് | 04-12-2022 | 29-12-2022 |
| വി.കെ രഘുനാഥൻ | പ്രസിഡന്റ് | 30-12-2022 | 31-03-2023 |
| സുഷമ പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്തോഷ് കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| വിനേഷ് കുമാർ കെ.വി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ജസ്ന മരിയ | കൃഷി ഓഫീസർ | 30-07-2022 | 02-09-2023 |
| റിയ ജോസഫ് | കൃഷി ഓഫീസർ | 03-09-2022 | 31-03-2023 |
| അജിഷ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| സന്തോഷ് കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ഡോ. ബിജു മോഹൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 19-04-2022 |
| ഡോ.ശാലിനി ശിവദാസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 31-03-2023 |
| ഡോ.ഷിനി കെ.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഷിബുകുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| എൽസി വി.കെ | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| അഞ്ജന വി | വി ഇ ഒ (തോളൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ലിജി ഇ.പി | വി ഇ ഒ (എടക്കളത്തൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഗീത പി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സംഗീത വി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ കിഷോർ കുമാർ എം | സൂപ്രണ്ട് (സി.എച്ച്.സി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ടോണി ജോസഫ് എ.എഫ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെൻറ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാൻറ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാൻറ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി-നോൺ-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാൻറ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-6 |
| 8 | സർവ്വീസ് സെസ് ഇനത്തിൽ കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | വസ്തു നികുതി ഡിമാൻറ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | വരുമാനങ്ങളുടെ മുൻകൂർ തുക രജിസ്റ്ററിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-14 |
| 16 | B-4 ഷെഡ്യൂളിലെ ബാലൻസും B-17ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ഫണ്ട് വിനിയോഗം | 1-3 |
| 19 | പദ്ധതി അവലോകനം | 1-4 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 21 | ക്ഷേമ പെൻഷൻ | 1-6 |
| 22 | ക്യാഷ് പരിശോധന | 1-7 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 24 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 25 | തൊഴിൽ നികുതി - അപാകങ്ങൾ | 1-10 |
| 26 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 27 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-12 |
| 28 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 29 | വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതിയിളവ് - രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 30 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-15 |
| 31 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-16 |
| 32 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-17 |
| 33 | അടിസ്ഥാന വസ്തുനികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-18 |
| 34 | FTEAOS ലൈസൻസ്- അപാകങ്ങൾ | 1-19 |
| 35 | പാരാമെഡിക്കൽ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല | 1-20 |
| 36 | ഫാം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തേണ്ടതാണ് | 1-21 |
| 37 | കടമുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 38 | പഞ്ചായത്തിലെ കുളങ്ങൾ, മരങ്ങൾ എന്നിവ ലേലം ചെയ്യൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 39 | കെട്ടിടങ്ങളുടെ ലൈസൻസ് & ക്രമവത്ക്കരണം -തുടർ നടപടികൾ സ്വീകരിക്കണ്ടതാണ് | 1-24 |
| 40 | നിർജ്ജീവ ആസ്തികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 41 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് | 1-26 |
| 42 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി-സർക്കാർ ഉത്തരവുകൾ പാലിച്ചിട്ടില്ല | 1-27 |
| 43 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ ചമച്ചിട്ടില്ല ,പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-28 |
| 44 | ഐ.കെ.എം. വിഹിതം നൽകൽ.-വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-29 |
| 45 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 46 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-31 |
| 47 | ഡയാലിസിസ് കിറ്റുകൾ ലഭ്യമായിട്ടില്ല | 1-32 |
| 48 | കരാർ കാലാവധിയിൽ പൂർത്തീകരിയ്ക്കാത്ത പ്രവൃത്തിക്കു നിയമാനുസൃത പിഴ ഈടാക്കാതെ കരാറുകാരനു തുക അനുവദിച്ചു. | 1-33 |
| 49 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് പദ്ധതി | 1-34 |
| 50 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തു ഫണ്ടിൽ ഒടുക്കിയിട്ടില്ല. | 1-35 |
| 51 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തോളൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**ഡെപ്യൂട്ടി ഡയറക്ടർ**

**തീയതി:23.09.2023** **ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ**

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1232339 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 24004910 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി അറിയിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1550190 | 1547776 | 6703 | 648 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1550190 | 1542839 | 6703 | 648 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(681/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. വസ്തു നികുതി കളക്ഷൻ തുക പൊരുത്തമില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-4 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1075800 | 1058197 | 12020 | 6363 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1075800<br>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 1057417<br>(റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | 12020<br>( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | 6365<br>*(6683/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. വസ്തു നികുതി കളക്ഷൻ തുക പൊരുത്തമില്ല.
2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്- (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-5 വസ്തു നികുതി-നോൺ-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 44826 | 1387 | 43443 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 44843<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(6380 + 40706)/105*100 = 47086/105*100 | 1383<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 43452<br>45625/105*100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.വസ്തു നികുതി ഡിമാന്റ് തുക പൊരുത്തമില്ല.

2. "സഞ്ചയ" സാഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്- കളക്ഷൻ = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സാഫ്റ്റ്‌വെയറിൽ /വാർഷികകണക്കിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-6 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.**

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 132767 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 132743 രൂപയുമാണ്.
ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 133679 രൂപയാണ്. (വൗച്ചർ 42100724 തീ: 31.3.2023(79589+54012+78))
ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 52989 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 2523.28 (52989/105 X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 2535രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-1-7 സർവ്വീസ് സെസ് ഇനത്തിൽ കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു**

തൻവർഷം ആകെ സർവ്വീസ് സെസ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 54532 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 54510 രൂപയുമാണ്.
**കുടിശ്ശിക** ആകെ സർവ്വീസ് സെസ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 31 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 54510 രൂപയുമാണ്.

**1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-9 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്റ്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ തോളൂർ ഗ്രാമപഞ്ചായത്തിൽ 153 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശാധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. യഥാർത്ഥത്തിൽ പ്രതിമാസ ഡിമാൻഡ് നടത്തേണ്ടതാണ്. ഡിമാൻഡ് ചെയ്ത എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും

വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

### 1-1-10 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

### 1-1-11 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800201- Prior Period Expenses - Administrative Expenses | -8019 |
| 290800601-Prior Period Expenses -Revenue Grants & Contributions | 700 |
| 290800701-Prior Period Expenses – Miscellaneous Expenses | -16,195,430 |
| 190100102-Prior Period Income – Profession Tax – Institutions/ Professionals / Traders | 600 |
| 190200101-Prior Period Income- Rent From Building | -8058 |

### 1-1-12 വരുമാനങ്ങളുടെ മുൻകൂർ തുക രജിസ്റ്ററിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|
| ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterpreneurs And Other Services | 164200 |

### 1-1-13 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.
6. ലൈബ്രറി രജിസ്റ്റർ
7. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-1-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-15 B-4 ഷെഡ്യൂളിലെ ബാലൻസും B-17ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1. | 320100139 | National Health Mission | 4,50,000 |
| 2. | 320100182 | Total Sanitation Scheme | 1,29,944 |
| 3. | 320100196 | Integrated Child Development Scheme | 5,39,024 |
| 4. | 320100198 | Grant From Suchitwa Mission | 3,27,702 |

### 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 30.03.2022 | 2(1) | 36,50,62,500 | 36,71,12,700 |

**റിവൈസ്ഡ് ബജറ്റ്**

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 29.03.2023 | 1(1) | 39,16,99,930 | 39,01,56,214 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരുപ്പ്. | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ* | | 0 | 13473119 | 13473119 | 13198252 | 274867 |
| വികസന ഫണ്ട്-എസ്.സി.പി * | | 0 | 5815527 | 5815527 | 5744614 | 70913 |
| വികസന ഫണ്ട്-ടി.എസ്.പി* | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് * | | 0 | 9177000 | 9177000 | 7934912 | 1242088 |
| മെയിന്റനൻസ്, നോൺ-റോഡ് * | | 0 | 4570000 | 4570000 | 3284284 | 1285716 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | ബാങ്ക് | 881774 | 2486141 | 3367915 | 2470504 | 897411 |
| | ട്രഷറി | 0 | 551043 | 551043 | 151043 | 400000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | ബാങ്ക് | 2026503 | 3547000 | 5573503 | 4804291 | 769212 |
| | ട്രഷറി | 0 | 1029197 | 1029197 | 776045 | 253152 |

*ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം വിവിധ ഏജൻസികളിൽ നിന്നും ഗ്രാന്റ് ലഭിച്ചതിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ACR എഴുതി സൂക്ഷിച്ചിട്ടില്ല. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 206 | 90516411 | 155 | 51039520 | 56.39% | 75.24% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1280 | 1077611 * | 1078891 | 1078891 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 20671445 | 20671445 | 20671445 | 0 |
| | 1280 | 21749056 | 21750336 | 21750336 | 0 |

*RP-30 പ്രകാരം വരവ്- 1088850/- രൂപയാണ്. എന്നാൽ 1000+6507+3732 = 11239/- രൂപ ലഡ്ജറിൽ വരവും ചെലവും വന്നിട്ടുണ്ട്.

## 1-6 ക്ഷേമ പെൻഷൻ

| പദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,131,800 | 476 |
| വിധവാ പെൻഷൻ | 10,040,600 | 939 |
| വാർദ്ധക്യകാലപെൻഷൻ | 16,559,400 | 1633 |
| വികലാംഗ പെൻഷൻ | 2,568,400 | 235 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,274,200 | 119 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210,000 | 7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.07.2023 തീയതിയിൽ 3.00 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3234/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

തോളൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധന നടത്തിയതു പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുണ്ട്. 100% നികുതി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. 07.02.2023 ലെ തീരുമാനം നം.(2) പ്രകാരം ഡിമാൻഡ് നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വസ്തുനികുതി പിരിച്ചെടുക്കുന്നതിന് വിവിധ വാർഡുകളിൽ ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്(11.10.2022 ലെ തീരുമാനം നം.(3)).

നികുതി നികുതിയേതര വരുമാനങ്ങൾ 100% കളക്ഷൻ വരുത്തുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് സ്റ്റാഫ് മീറ്റിംഗ് മുഖേനയും, ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചും യഥാസമയം നിർദേശം നൽകി വരുന്നുണ്ട്. ആയത് പ്രകാരം ഭരണസമിതി അംഗങ്ങളുടെ

ശ്രദ്ധയിൽപ്പെടുത്തി സഹകരണത്തോടെ പിരിച്ചെടുക്കുന്ന പ്രവർത്തനങ്ങളാണ് പഞ്ചായത്ത് സ്വീകരിച്ചു വരുന്നത് എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള പ്രചരണമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

<u>വരുമാന വർദ്ധനവ്</u>

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയിതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 1468147 | 1550190 | 5.58 | 153 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1025305 | 1075800 | 4.92 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 318850 | 343160 | 7.62 | |
| തൊഴിൽ നികുതി -ജീവനക്കാർ | 694030 | 717640 | 3.40 | |
| വാടക | 141707 | 154096 | 8.74 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>വസ്തുനികുതി</u>

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അംഗീകരിച്ചു നടപ്പിലാക്കിയിട്ടില്ല. വൈസ് പ്രസിഡന്റിന്റെ രാജിയും അതിനോടനുബന്ധിച്ച് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി (നം.1/29.07.2023)ക്ക് മറുപടി നല്കിയിട്ടുണ്ട്.

ആയതിനാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

നിലവിൽ പഞ്ചായത്തിലെ മേഖലാ നിർണയം അപൂർണ്ണമാണ്. തൃതീയ മേഖലയിലാണ് പഞ്ചായത്തിലെ മിക്കവാറും എല്ലാ ഇടങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി നിർണയം നടത്തുമ്പോൾ വൻതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ ചർച്ച നടത്തി വരുന്നു.

<u>സേവന ഉപനികുതി</u>

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ ) തെരുവുവിളക്കുകൾക്ക് 2% ചുമത്തുകയും ആയത് പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ സർവീസ് ചാർജ് ഈടാക്കുന്നില്ല.

<u>തൊഴിൽനികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി ഫയൽ ചെയ്തിട്ടില്ല. തൊഴിൽ നികുതി-ട്രേഡേഴ്സ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകങ്ങൾ റിപ്പോർട്ടിൽ (ഖണ്ഡിക 1-10) പരാമർശിച്ചിട്ടുണ്ട്.

<u>വിനോദനികുതി</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫ് കോർട്ട്, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയുണ്ട്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടില്ല.

ഈ ഇനങ്ങളിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

<u>നികുതിയേതര വരവുകൾ</u>

<u>വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭപ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ലൈസൻസ്</u>

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നതിനാൽ പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല.

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല (റിപ്പോർട്ടിലെ ഖണ്ഡിക 1-19).

ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

<u>ലേലം, വാടക, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം തുടങ്ങിയവ</u>

മത്സ്യക്കുളം, മരങ്ങൾ എന്നിവയുടെ ലേലം/പുനർലേലം, വനിത വ്യവസായ കേന്ദ്രം എന്നിവയുടെ ലേലം തുടങ്ങിയവ നടക്കുന്നുണ്ടെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കുന്നില്ല. ലേലത്തിൽ ആരും പങ്കെടുക്കാത്തതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

റിപ്പോർട്ടിലെ ഖണ്ഡിക 1-25 ൽ പരാമർശിച്ചിട്ടുള്ള നിഷ്ക്രിയ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു:
1) താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2022-23 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
A) ലക്ഷ്മി ട്രേഡിംഗ്സ്, തോളൂർ
B) തോളൂർ ട്രേഡിംഗ്സ്
C) ഫുഡ്‌വേഴ്സ് ഫുഡ്, തോളൂർ
D) ഷിൻസി പപ്പടം, തോളൂർ
E) പറപ്പൂർ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.
3) താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ വരുമാനപത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
<u>ഒന്നാം അർദ്ധവർഷം</u>
1. താലൂക്ക് ഓഫീസ്
2. ആയുർവേദ ഡിസ്പെൻസറി
3. ബിഎസ്എൻഎൽ, പറപ്പൂർ
4. എടക്കളത്തൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്
5. ന്യൂട്രിച്ചൂർ കുറീസ്
6. ലിറ്റിൽ ഫ്ലവർ ഇ എം എൽ പി എസ് പറപ്പൂർ
<u>രണ്ടാം അർദ്ധവർഷം</u>
1. പറപ്പൂർ പോസ്റ്റ് ഓഫീസ്
2. ബിഎസ്എൻഎൽ, പറപ്പൂർ
3. ന്യൂട്രിച്ചൂർ കുറീസ്
വരുമാനപത്രിക ലഭ്യമാക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4) ട്രേഡേഴ്സ് തൊഴിൽ നികുതി ലെഡ്ജർ പരിശോധനയിൽ, ഒന്നാം അർദ്ധവർഷത്തിൽ 66 ട്രേഡേഴ്സും രണ്ടാം അർദ്ധ വർഷത്തിൽ 284 ട്രേഡേഴ്സുമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. എന്നാൽ വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം 406 വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/31.07.2023 ) മറുപടി ലഭ്യമാക്കിയില്ല.

മേൽ ഖണ്ഡിക 1, 2 എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 4 പ്രകാരം ട്രേഡേഴ്സ് തൊഴിൽ നികുതിയിൽ കുറവ് വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും തുക ഈടാക്കേണ്ടതുമാണ്.

ജീവനക്കാർ, സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1. എ. ആർ. മുരളീധരൻ
2. സുബിൻ എം.
3. ജോയ് ടി.വി.
4. സിജോ ജോൺ സി.
5. സുരേന്ദ്രൻ സി. ആർ.
6. ബിജു എം. എം.
7. വിൽസൺ എൻ. എൽ.
8. അശോകൻ കെ. കെ.
9. ബേബി എ.ഡി.
10. ശ്രീജിത്ത് കെ. എസ്.
11. നിവിൻ കെ. ഡി.
മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/31.07.2023) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന്റെ പുരോഗതി ശ്രദ്ധിക്കുന്നതിന് വേണ്ടിയും ഓരോ അർദ്ധവർഷത്തെയും തൊഴിലാളികളുടെ/ജീവനക്കാരുടെ നികുതി സമയമെത്തുന്നത് ശ്രദ്ധിക്കുന്നതിനും വേണ്ടി സെക്രട്ടറി V-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തൊഴിൽനികുതിയും വ്യാപാര ലൈസൻസും അടവാക്കാനുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ പ്രസ്തുത രജിസ്റ്റർ മുഖേന നിരീക്ഷിക്കാവുന്നതാണ്.
സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്വെയറിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധന പ്രകാരം വാർഡ് നം. VII/കെട്ടിട നം. 538 ആയിട്ടുള്ള റിലയൻസ് ഇൻഫോകോം ലിമിറ്റഡ് (11 $M^2$) കുടിശ്ശിക വരുത്തിയിട്ടുണ്ട്. 2013 രണ്ടാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ കുടിശ്ശിക വന്നിട്ടുള്ള ആകെ തുക 49,768/-രൂപയാണ്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/31.07.2023) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതിയിളവ് - രേഖകൾ ഹാജരാക്കിയില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിടനികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.08.22-ലെ തീരു.(3) പ്രകാരം 7 വിമുക്തഭടന്മാരുടെ വാസഗൃഹങ്ങളെയാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ Exservicemen-Exemption Register പ്രകാരം 77 കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ട്. വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് സംബന്ധിച്ച രജിസ്റ്റർ, വിമുക്തഭടന്മാർ വസ്തുനികുതിയിളവിനായി സമർപ്പിച്ച സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/31.07.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 5 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Edakkalathur Vadakkummuri | 562 | 0 | 562 | 0 | 562 | 0 | 562 | 0 |
| 2 | ( 2 ) PONNORE VADAKKUMURI | 508 | 0 | 508 | 0 | 508 | 0 | 508 | 0 |
| 3 | ( 3 ) PONNORE | 465 | 0 | 465 | 0 | 465 | 0 | 465 | 0 |
| 4 | ( 4 ) PONNORE THEKKUMURI | 432 | 0 | 432 | 1 | 431 | 0 | 431 | 1 |
| 5 | ( 5 ) SHARIYEKKAL | 513 | 0 | 513 | 0 | 513 | 0 | 513 | 0 |
| 6 | ( 6 ) KIZHAKKE ANGADI | 414 | 0 | 414 | 0 | 414 | 0 | 414 | 0 |
| 7 | ( 7 ) PARAPPUR CENTRE | 939 | 0 | 939 | 0 | 939 | 0 | 939 | 0 |
| 8 | ( 8 ) KOLATHADU | 391 | 0 | 391 | 0 | 391 | 0 | 391 | 0 |
| 9 | ( 9 ) MULLUR | 387 | 0 | 387 | 0 | 387 | 0 | 387 | 0 |
| 10 | ( 10 ) CHALAKKAL | 439 | 0 | 439 | 0 | 439 | 0 | 439 | 0 |
| 11 | ( 11 ) NAGATHANKAVU | 398 | 2 | 396 | 0 | 396 | 0 | 396 | 2 |
| 12 | ( 12 ) THOLUR | 602 | 2 | 600 | 0 | 600 | 0 | 600 | 2 |
| 13 | ( 13 ) EDAKKALATHUR THEKKUMURI | 543 | 0 | 543 | 0 | 543 | 0 | 543 | 0 |
| | Total | 6593 | 4 | 6589 | 1 | 6588 | 0 | 6588 | 5 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.2/31.07.2023)

## 1-16 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു:
എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല
ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ I, II വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | I / 8A | രവി & രാജരാജേശ്വരി, സൗത്ത് വൃന്ദാവൻ, എടക്കളത്തൂർ | ചർച്ച റോഡ് പുത്തൂർ | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 2 | I / 8B | ദിലീപ് എസ് , സൗത്ത് വൃന്ദാവൻ, എടക്കളത്തൂർ | ചർച്ച റോഡ് പുത്തൂർ | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 3 | I / 159 | സുബിത മുതൽപേർ എടക്കളത്തൂർ | കണ്ടൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 4 | I / 159 A | സന്തോഷ് എ.ടി.,എടക്കളത്തൂർ | കണ്ടൻചിറ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 5 | I / 186 A | ബിജു പി എസ് & ബീന എം കെ | വടക്കുമുറി കുരിശുപള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 6 | I / 186B | ബിനീഷ് വടക്കുമുറി ഭാസ്കരൻ | വടക്കുമുറി കുരിശുപള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 7 | I / 186 C | കിഷോർ കുമാർ പി എ | വടക്കുമുറി കുരിശുപള്ളി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 8 | II/ 46 A | അനിലൻ കർണ്ണംകോട്, പോന്നോർ | മോസ്കോ സബ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 9 | II/ 46 B | രാധാകൃഷ്ണൻ കർണ്ണംകോട്, പോന്നോർ | മോസ്കോ സബ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 10 | II /109 A | ജോസഫ് & മാഗി അറങ്ങാശ്ശേരി, പോന്നോർ | മോസ്കോ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | തൃതീയം |
| 11 | II / 109B | സിബി സെബാസ്റ്റ്യൻ വാകയിൽ, പോന്നോർ | മോസ്കോ റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണോ മേഖലാ വിഭജനം നടത്തിയിട്ടുള്ളത് എന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് / ഇളവ് ക്രമപ്രകാരമല്ലാത്തതിന്റെ കാരണം അറിയിക്കുവാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/03.08.2023) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തി, റോഡ് മാപ്പ് തയ്യാറാക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്.
ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./ അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 7/315B | റപ്പായി അലിയാസ് റാഫേൽ, ലില്ലി, ചിറ്റിലപ്പിള്ളി | 4776/2022 21/10/2022 | 1.4.22-30.9.2022 |
| 2 | 7/586 | കെ.എ. ഡേവിഡ്, കിടങ്ങൻ | Sc2/3264/2022 19/08/2022 | 1.4.22-30.9.2022 |

നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.21/03.08.2023)

## 1-18 അടിസ്ഥാന വസ്തുനികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്.
താഴെക്കൊടുത്തിട്ടുള്ളവയ്ക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി ചുവടെ ചേർക്കുന്നു:

| ക്രമ നം. | കെട്ടിടത്തിന്റെ തരം | അടിസ്ഥാന വസ്തു നികുതി (/ചതുരശ്ര മീറ്റർ) |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30/- |
| 2 | 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50/- |

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 2/310 | ലോഹിതാക്ഷൻ ചവറാട്ടിൽ | 159 |
| 2 | 5/227 | പ്രവീൺ പ്രമോജ് ചക്കംപുറത്ത് | 160 |
| 3 | 7/43 | ജോണി പള്ളിപ്പുറം | 112.46 |
| 4 | 7/64 | ജോസ് ചിറ്റിലപ്പള്ളി കുന്നത്ത് | 165 |
| 5 | 7/284 | ജോസഫ് ചിറ്റിലപ്പള്ളി | 165 |
| 6 | 7/616/ | മാധവൻ, പ്രസിഡന്റ് പറപ്പൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 160.6 |

| | | | |
|---|---|---|---|
| 7 | 7/632/ | ഡേവീസ് അരങ്ങാശ്ശേരി | 110 |
| 8 | 7/687/ | സെക്രട്ടറി, പറപ്പൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 284.4 |
| 9 | 10/64/ | അലൻ ചിറ്റിലപ്പള്ളി | 150 |
| 10 | 10/155/ | ജോമോൻ, റോസി ചിറ്റിലപ്പള്ളി | 135 |
| 11 | 10/193/ | ജോസ് വടക്കൻ | 117 |
| 12 | 10/252/ | ആന്റണി ചിറ്റിലപ്പള്ളി | 110 |
| 13 | 11/159 | സുഗതൻ വടുതല | 108 |
| 14 | 12/6/C | പോൾ & അദ്ദേഴ്ജ്, സി.എ.തോമസ്, അബ്ദുൽ ഷഹീർ | 115.74 |
| 15 | 12/332 | പ്രിൻസ് അരങ്ങശേരി | 125 |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/03.08.2023) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർനിർണയിക്കാത്തതിന്റെ കാരണം കണ്ടെത്തേണ്ടതും മേൽ വിഷയം പരിശോധിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതുമാണ്.

## 1-19 FTEAOS ലൈസൻസ്- അപാകങ്ങൾ

1) 2022-23 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളതും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ളതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റ വിവരങ്ങൾ | യന്ത്രസാമഗ്രിയുടെ ശേഷി (HP) | ലൈസൻസ് ചട്ടം പട്ടിക III പ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന ഫീസ് |
|---|---|---|---|---|---|
| 1 | അജിതൻ ടി കെ | 4 | 50 | - | 50 |
| 2 | സഹജൻ പി ആർ | 10 | 100 | 50 | 50 |
| 3 | സെക്രട്ടറി, ദി യൂണിയൻ റൈസ് മിൽ | 11 | 200 | 150 | 50 |
| 4 | കെ ജെ റോയ് | 42.5 | 500 | 400 | 100 |
| 5 | ജെൻസൺ എം പി | 15 | 200 | 150 | 50 |
| | ആകെ | | | | 300 |

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.14/02.08.2023)
2) വനിതാ വ്യവസായ കേന്ദ്രത്തിലെ താഴെക്കൊടുത്തിട്ടുള്ള കടമുറികളിലെ വ്യാപാരികൾ FTEAOS ലൈസൻസ് എടുത്തിട്ടില്ല.
5/245, 5/246, 5/247, 5/248, 5/249
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/02.08.2023) ലൈസൻസ് എടുക്കുന്നതിന് ടി വ്യാപാരികൾക്ക് കത്ത് നല്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പാരാമെഡിക്കൽ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മേൽ ചട്ടം, ചട്ടം (8) പ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും കുറ്റസ്ഥാപനത്തിൻമേൽ 5000/- രൂപ വരെയാകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെയാകാവുന്ന അധികപിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.
A. 2022-23 വർഷത്തിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ മേൽ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

1. ഗ്രാന്റ് ലാബ്, പറപ്പൂർ
2. എം.സി.ലാബ്, പറപ്പൂർ
3. എം.ജേസ് റോയൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്

B. 2022-23 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷത്തിൽ വ്യാപാരലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടില്ല.
1. ലബോറട്ടറി, ആഗ്നസ് ജോസ് മാളിയമ്മാവ് (7/698)
2. ലബോറട്ടറി, എം വി ജോസ് (7/572)

മേൽ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.13/2.8.2023)

## 1-21 ഫാം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തേണ്ടതാണ്

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.
(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(Ii) ആട് ഫാം : 20 മൃഗങ്ങൾ
(Iii) പന്നി ഫാം : 5 മൃഗങ്ങൾ
(Iv) മുയൽ ഫാം : 25 മൃഗങ്ങൾ
(V) പൗൾട്രി ഫാം : 100 പക്ഷികൾ

1) സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | കെ ആർ ശ്രീനിവാസൻ കണ്ടാരശ്ശേരി | 1/3 | 175 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - **ലൈവ് സ്റ്റോക്ക് ഷെഡ്** |
| 2. | ഷാജു & ശ്രീകുമാർ മുതൽപേർ | 1/412 | 228 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - **കോഴി വളർത്തൽ ഷെഡ്** |

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ കൊടുത്തിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/31.07.2023) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. പരിശോധന നടത്തി ഫാം ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ ഉള്ളവർ ഡയറി ഫാം ഇൻസ്ട്രക്ടറുടെ പാലിനുള്ള സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം അധികവിഹിതം വാങ്ങുന്നവരാണ്.
1. ഷാബു വി ജി വടക്കൻ
2. ജോൺസൺ ഇ വി എടക്കളത്തൂർ
3. ജോസ് ഇ എൽ എടക്കളത്തൂർ
4. കുഞ്ഞപ്പൻ കെ കെ കുന്നത്തുള്ളി
5. മനോജ് വി ബി വട്ടംപറമ്പിൽ
6. ജോസഫ് എ എം അറക്കൽ ഹൗസ്
7. ബ്രിട്ടോ ചൊവ്വല്ലൂർ
8. ദിനേശ് സി എ ചിരുകണ്ടത്ത്
9. നന്ദിനി ബാലകൃഷ്ണൻ പുളിഞ്ചേരി

മേൽ ലിസ്റ്റിൽ കൊടുത്തിരിക്കുന്നവരുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളുടെ എണ്ണം ഉറപ്പ് വരുത്തി ഫാം ലൈസൻസ് എടുക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക് (നം.15/02.08.2023)

## 1-22 കടമുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1) പഞ്ചായത്തിന് ആകെ 16 കടമുറികൾ വാടകയ്ക്ക് നല്കുന്നതിനായി ഉണ്ട്. അതിൽ 9 മുറികളിൽ നിന്നും വാടക ലഭിക്കുന്നുണ്ട്. വനിതാ വ്യവസായ കേന്ദ്രത്തിലെ 7 കടമുറികളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത്.
വനിതാ സംരംഭകർക്ക് തൊഴിലിടം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് വനിതാ വ്യവസായ കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ടി കടമുറികൾ ലേലം നടത്തുന്നതിന് നോട്ടീസ് നല്കുകയും ലേലനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.
വനിതാ വ്യവസായ കേന്ദ്രത്തിനായി ഒരു സിംഗിൾ ഫേസ് കണക്ഷൻ ആണ് നിലവിലുള്ളത് എന്നും വ്യവസായ സംരംഭകർക്ക് ഉപകാരപ്പെടുന്ന വിധം ഓരോ മുറികൾക്കും പ്രത്യേകമായി ത്രീഫേസ് കണക്ഷൻ ഇനിയും ഒരുക്കേണ്ടതുണ്ട് എന്നും വനിതാ വ്യവസായ കേന്ദ്രം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.22/03.08.2022) മറുപടി നല്കിയിട്ടുണ്ട്.
02.08.2023 ലെ ഭരണസമിതി തീരുമാനപ്രകാരം 11.08.2023 ന് പുനർലേലം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ കെട്ടിടമായിട്ടു കൂടി ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിന്റെ കാരണം പരിശോധിച്ച്, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി മുറികൾ വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2) കടമുറികളുടെ വാടക സംബന്ധിച്ച ബൈലോ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പഞ്ചായത്തിലെ കുളങ്ങൾ, മരങ്ങൾ എന്നിവ ലേലം ചെയ്യൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

I) തോളൂർ-മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകൾക്ക് ഇടയിൽ സ്ഥിതി ചെയ്യുന്ന കടാംതോടിലെയും, തോളൂർ-എളവള്ളി ഗ്രാമപഞ്ചായത്തുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന മുക്കോല-മേലേപ്പാടം തോടുകളിലെയും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നത് ഒന്നിടവിട്ട വർഷങ്ങളിൽ തോളൂർ ഗ്രാമപഞ്ചായത്തിനും എളവള്ളി/മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകൾക്കുമാണ്. 2022-23 വർഷത്തിൽ ലേലം ചെയ്യുന്നതിനുള്ള അവകാശം തോളൂർ ഗ്രാമപഞ്ചായത്തിനാണ്. എന്നാൽ ലേലം നടന്നിട്ടില്ല.
കരിക്കുളം, ചീനിക്കുളം, രാമൻക്കുളം, തളിയംകുളം, മണ്ണാത്തിക്കുളം, തോട്ടപ്പാൻ കുളം, പുന്നത്തൂർക്കുളം, ഐനിക്കാട് കുളം, എടത്തറക്കുളം, മുതുവന്നൂർക്കുളം, കണ്ടൻചിറക്കുളം എന്നീ കുളങ്ങൾ ആസ്തി രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിൽ ഉൾപ്പെട്ടതാണോയെന്നും അവയെല്ലാം ലേലം ചെയ്യാൻ പറ്റുന്നവയാണോയെന്നും ഓഡിറ്റ് എൻക്വയറി (നം.23/03.08.2023) മുഖേന അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമായില്ല.
2022-23 വർഷത്തിൽ മത്സ്യക്കുളം ലേലം/പുനർലേലം എന്നിവ നടന്നുവെങ്കിലും (18.1.23/3.3.2023) ലേലത്തിൽ ആരും പങ്കെടുക്കുകയുണ്ടായില്ല. ലേലത്തിൽ ആരും പങ്കെടുക്കാത്തതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.
II) താഴെക്കൊടുത്തിരിക്കുന്ന മരങ്ങളുടെ പുനർലേലം സംബന്ധിച്ച് 8.2.2023 ൽ ഭരണസമിതി തീരുമാനം 11(1) ൽ കൈക്കൊണ്ടിട്ടുണ്ട്.
1. പറപ്പൂർ കേരള ബാങ്കിന് മുൻവശത്തെ മദിരാശി
2. പോന്നോർ കൈപ്പറമ്പ് റോഡിലെ വട്ട
3. 42-ാം നമ്പർ അംഗനവാടിയിലെ തേക്ക്
4. 43-ാം നമ്പർ അംഗൻവാടിയിലെ മാവിൻ ചില്ലകൾ

എന്നാൽ ടി മരങ്ങൾ ലേലം ചെയ്യുവാൻ സാധിച്ചിട്ടില്ല. ലേലത്തിൽ ആരും പങ്കെടുക്കാത്തതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

## 1-24 കെട്ടിടങ്ങളുടെ ലൈസൻസ് & ക്രമവത്ക്കരണം -തുടർ നടപടികൾ സ്വീകരിക്കണ്ടതാണ്

ജയ്സൺ & ജസ്റ്റിൻ പൊറുത്തൂർ വീട്, പറപ്പൂർ പി. ഒ. എന്നിവരുടെ ഉടമസ്ഥതയിലുള്ള 5/82 A, 5/82 B, 5/82 C എന്നീ സ്ഥാപനങ്ങൾ 2019-20 ന് ശേഷം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. തോളൂർ ട്രേഡിംഗ്സ്, ഫുഡ്‌വേ ഫുഡ്, സിൽവർ കോണ്ടിമെന്റ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അസഹനീയമായ ദുർഗന്ധം ഉൾപ്പെടെയുള്ള മാലിന്യ പ്രശ്നങ്ങൾ സംബന്ധിച്ച് സമീപവാസികളായ പൊതുജനങ്ങളുടെ പരാതിയെ തുടർന്ന്, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വിഭാഗം എന്നിവരും ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ കെട്ടിട വിപുലീകരണം സംബന്ധിച്ച് തോളൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറും അന്വേഷണം നടത്തിയിരുന്നു.
മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശാനുസരണം സ്ഥാപിച്ച സ്ക്രബർ സംവിധാനത്തിന്റെ പ്രവർത്തനക്ഷമതയെക്കുറിച്ചും വായു/ശബ്ദ മലിനീകരണം സംബന്ധിച്ച പ്രശ്നം പരിഹരിക്കപ്പെടുന്നവിധം ഫലപ്രദമായിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റ് എഞ്ചിനീയറോട് 28.1.2023 തീയതിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല.
അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം 591.24$m^2$ ആണ്. എന്നാൽ യഥാർത്ഥത്തിലുള്ള വിസ്തീർണ്ണം 983.67$m^2$ ആണ് എന്ന്

അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടുതലായി പണിത ഏരിയ 392.43m$^2$ റെഗുലറൈസ് ചെയ്യേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കാതെ അനധികൃതമായി വിപുലീകരിക്കപ്പെട്ട കെട്ടിടം അനധികൃതമായി തുടരുന്നതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 235 AA(5) പ്രകാരം ലൈസൻസ് അനുവദിക്കാനാകില്ല. അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണം കൊമേർഷ്യൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 700m$^2$ ബിൽഡ്അപ്പ് ഏരിയയിൽ അധികമുള്ള കെട്ടിടങ്ങൾ ഗ്രൂപ്പ് 2 ഇൻഡസ്ട്രിയൽ II ഒക്യുപൻസിയിലാണ് വരുന്നത്. ഈ സാഹചര്യത്തിൽ അടിയന്തരമായി ഗണം 2 - വ്യവസായം II എന്ന ഉപയോഗക്രമത്തിൽ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് 10.1.2023ന് കെട്ടിട ഉടമകൾക്ക് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.
അനധികൃതമായി തുടരുന്ന ടി കെട്ടിടങ്ങളുടെ ലൈസൻസ്, ക്രമവൽക്കരണം എന്നിവ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.20/03.08.2023)

## 1-25 നിർജ്ജീവ ആസ്തികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

22/04/2022 ലെ ഭരണസമിതി തീരുമാന നമ്പർ (1) ൽ നിർജ്ജീവ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രൊജക്ട് തുടങ്ങുന്നതിനുമുമ്പ് എടുക്കേണ്ട മുൻ കരുതലുകൾ സംബന്ധിച്ചും പഞ്ചായത്ത് ഡയറക്ടറുടെ 08/04/2022 ലെ PAN/1061/2022 - M4(DP) നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനും നിർജ്ജീവ ആസ്തികളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനും തീരുമാനിച്ചു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്, തുടർന്ന് നിർജ്ജീവ ആസ്തികൾ പട്ടികപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1. പകൽ വീട് - വാർഡ് 2
2. മഴവെള്ള സംഭരണി - മൃഗാശുപത്രി, വാർഡ് 7
3. വനിത വ്യവസായ കേന്ദ്രം - ലക്ഷം വീട് വാർഡ് 3
4. അഗ്രോസെന്റർ - പഴമുക്ക്, വാർഡ് 1
5. യോഗ സെന്റർ - മുള്ളൂർ വാർഡ് 9

മേൽ കൊടുത്തിട്ടുള്ളവ കൂടാതെ പഞ്ചായത്തിന് മറ്റ് നിർജ്ജീവ ആസ്തികളുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/31.07.2023) മറുപടി ലഭ്യമാക്കിയില്ല.
നിഷ്ക്രിയമായ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. നിർജ്ജീവ ആസ്തികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
തോളൂർ സി.എച്ച്.സി./ആയുർവേദം/ഹോമിയോ ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എച്ച്.എം.സി വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.7, തീയതി 31.07.2023).

## 1-27 അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി-സർക്കാർ ഉത്തരവുകൾ പാലിച്ചിട്ടില്ല

പ്രോജക്റ്റ്-82/23
ശ്മശാനം ആധുനികവൽക്കരണം-വാതക ശ്മശാനം
നിർവഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

| ഫണ്ട് | വകയിരുത്തിയത് | ചെലവ് |
|---|---|---|
| കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 27,58,600 | 27,58,600 |
| സംസ്ഥാന വിഹിതം | 4,50,000 | - |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 21,98,280 | 4,50,000 |
| ജില്ല പഞ്ചായത്ത് വിഹിതം | 1351,720 | - |
| ആകെ | 67,58,600 | 32,08,600 |

ചെലവ് വിവരങ്ങൾ
1. 13,80,000(Xv FC/2022-23/P-34/1-9-2022)
2. 9,30,000(Xv FC/2022-23/P-41/10-3-23)
3. 4,50,000(42201241/10-3-23)
4. 4,48,600(Xv FC/2022-23/P-53/30-3-23)

ആകെ -32,08,600
നിർവഹണ ഏജൻസി-നിർമിതി കേന്ദ്ര
ഭരണാനുമതി,തുക-S.C1/753/2022/14-3-22 ,69,00,000
സാങ്കേതികാനുമതി,തുക-67/21-22/25-3-22,69,00,000
എഗ്രിമെന്റ്-63/21-22/26-3-2022
DSR-2018
Costindex-35.59
<u>General Abstract</u>
Construction Of Building-1906575.58
Construction Of Compound Wall-642294.90
Installation Of Lpg Crematorium-3257250
Provision For Electrification-200000
Consultancy Charge-(2.5%)-150153
GST(12%)-738752.82
Total-6895025.82
Lumpsum For Round Off-4974.18
Total-6900000
പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

1.G.O.(P)104/2022/Fin.2-9-2022 Para-4 പ്രകാരം ഒരു കോടിയിൽ താഴെ വരുന്ന പ്രവൃത്തികൾ Non Pmc ആയി ബിഡിംഗ് ഇല്ലാതെ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ്.ഇതേ ഉത്തരവിലെ അനുബന്ധം, ക്രമ നം-4 പ്രകാരം ജില്ല നിർമിതികേന്ദ്രയുടെ Area Of Accreditation, Cost Effective Works As Non Pmc എന്നും വ്യക്തമാക്കിയിട്ടുണ്ട്. ജില്ല നിർമിതികേന്ദ്ര തയ്യാറാക്കിയ 69,00,000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം Installation Of LPG Cremetorium എന്ന ഇനത്തിന് 32,57,250 രൂപയും, Electrification ന് 200000 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇത് Cost Effective Work ൽ (തനതു സാങ്കേതികത) ഉൾപ്പെടുന്നതല്ല. എസ്റ്റിമേറ്റ് തുകയുടെ (69,00,000) ഇരുപതു ശതമാനം അഡ്വാൻസ് നിർമിതികേന്ദ്രക്ക് ആദ്യ ഗഡുവായി നൽകിയിപ്പോൾ Area Of Accreditation പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. Installation Of LPG

Cremetorium എന്ന ഇനത്തിന് 32,57,250 രൂപയും, Electrification ന് 200000 രൂപയും ചേർത്ത് 34,57,250 രൂപ കുറവു ചെയ്യാതെയാണ് നിർമിതികേന്ദ്രക്ക് അഡ്വാൻസ് നൽകിയിരിക്കുന്നത്. സർക്കുലർ നം.ഡിഎ1/56/2022-ത.സ്വ.ഭ.വ/13-3-2022 ൽ അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏല്പിക്കുമ്പോൾ, പിഎംസി, നോൺ പിഎംസി അംഗീകാരം ഏതു തരം പ്രവൃത്തികൾക്കാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജില്ല നിർമിതികേന്ദ്രയെ പ്രവൃത്തി ഏല്പിച്ചപ്പോൾ മേൽ ഉത്തരവുകൾ പാലിച്ചിട്ടില്ല.

2.പ്രോജക്റ്റ് പ്രകാരം അടങ്കൽ 67,58,600 രൂപയാണ്. സുലേഖ പത്രിക പ്രകാരവും അടങ്കൽ 67,58,600 രൂപയാണ്. ജില്ല നിർമിതികേന്ദ്ര, 6900,000 രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കി നൽകിയിരിക്കുന്നത്. റിവൈസ്സ് പ്രോജക്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.വാതക ശ്മശാനം സ്ഥാപിക്കുന്നതിനായി Pollution Controll Board ൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമാണോ വാതക ശ്മശാനം സ്ഥാപിക്കുന്നത് എന്ന വിവരം ഫയലിൽ ലഭ്യമല്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/31.07.2023) നിർമിതികേന്ദ്രക്ക് നോൺ പിഎംസി ഏജൻസിയായി G.O.(P)104/2022/Fin.2-9-2022 ഉത്തരവു പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. G.O.(P)104/2022/Fin.2-9-2022 Para-4 അനുബന്ധം, ക്രമ നം-4 പ്രകാരം ജില്ല നിർമിതികേന്ദ്രയുടെ Area Of Accreditation, Cost Effective Works As Non Pmc എന്നു വ്യക്തമാക്കിയിട്ടുള്ളതിനാൽ മേൽ മറുപടി തൃപ്തികരമല്ല. പ്രോജക്റ്റ് റിവൈസ് ചെയ്തതായി മറുപടി ലഭ്യമാക്കിയെങ്കിലും, റിവൈസ്സ് പ്രോജക്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. Pollution Controll Board ൽ നിന്നും അനുമതി ലഭ്യമായതിനു ശേഷമേ വാതക ശ്മശാനം പ്രവർത്തനം ആരംഭിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. G.O.(P)104/2022/Fin.2-9-2022 ഉത്തരവിനു വിധേയമല്ലാതെ നിർമിതികേന്ദ്രക്ക് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തുടർ ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-28 ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ ചമച്ചിട്ടില്ല ,പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

പദ്ധതി മാർഗ രേഖ, സ.ഉ.(കൈ) നം.84/22/ത.സ്വ.ഭ.വ./19-4-22,12-2 ഡി,1,2,3,4ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക മുൻകൂർ കൈമാറാവൂ. എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾക്കായി KSEB, ഭൂജല വകുപ്പ്,എന്നീ വകുപ്പുകൾക്ക് തുക മുൻകൂർകൈമാറിയപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഫണ്ട് | വൗച്ചർനം, തുക | ഏജൻസി |
|---|---|---|---|---|
| 1. | 216/23സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- പട്ടികജാതി കോളനി | വികസന ഫണ്ട്(എസ്.സി.പി) | 42201218/31-3-23<br>193048 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, പറപ്പൂർ |
| 2. | 109/23സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | വികസന ഫണ്ട്(ജനറൽ) | 42201187/28-3-23<br>397341 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, പറപ്പൂർ |
| 3. | 241/23സ്ട്രീറ്റ് ലൈൻ പരിപാലനം- ഓട്ടോമാറ്റിക് ടൈമർ | വികസന ഫണ്ട്(ജനറൽ)<br>Cfc | 42201151/15-3-23<br>19412<br>XV CFC/2022-23/P-45/18/3/23<br>86588 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, പറപ്പൂർ |
| 4. | 36/23 മുള്ളൂർകുന്ന് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | Cfc | XV CFC/2022-23/P-10/9/6/22<br>285000 | ജില്ല ഓഫീസർ, ഭൂജല വകുപ്പ്, തൃശ്ശൂർ |

വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി-10/31-7-23) സർക്കാർ ഏജൻസിയായതിനാലാണ് ഏജൻസികളുമായി കരാറിൽ ഏർപ്പെടാതെ മുൻകൂർ കൈമാറിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതും, വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ഐ.കെ.എം. വിഹിതം നൽകൽ.-വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

പ്രോജക്-92/23ഐ.കെ.എം. വിഹിതം നൽകൽ.
നിർവ്വഹണോദ്യോഗസ്ഥ -സെക്രട്ടറി
ഫണ്ട്-വികസന ഫണ്ട് (ജനറൽ)
വൗച്ചർ നം 25122003/6-10-22
തുക -60125
പദ്ധതിനിർവ്വഹണത്തിനായി മേൽ തുക എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/1-8-23) മറുപടിയും ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-30 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം-സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം
പ്രോജക്റ്റ് -114/23
നിർവഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ
വകയിരുത്തിയത്
വികസന ഫണ്ട്(ജനറൽ)-735000
ഗുണഭോക്തൃ വിഹിതം-1278900
ആകെ-2013900
ചെലവ്-
വികസന ഫണ്ട്(ജനറൽ)-735000
ഗുണഭോക്തൃ വിഹിതം-936430
ആകെ-16,71,430
വൗച്ചർ നം,തീയതി,തുക
1.42201038/28-10-22-112,500

2.42201054/28-11-22-1,22500
3.42201055/28-11-22-10,000
4.42201076/15-12-22-122500
5.42201120/10-2-23-122500
6.42201125/14-2-23-122,500
7.42201155/15-3-23-122500
8.22200719/17-12-22-167625
9.22201005/29-3-23-768805

ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 245 ഗുണഭോക്താക്കൾ (കമ്മിറ്റി തീരുമാനം-27-9-22/2(1), 31-10-22/8(1)) ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കി, രശീതി ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഹാജരാക്കുന്നമുറക്ക്, ക്ഷീരോല്പാദക സഹകരണ സംഘം മുഖേന ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ആറ് മാസത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഒരു ചാക്കിന് കാലിത്തീറ്റവില 1215 രൂപയെന്ന് കണക്കാക്കി സബ്സിഡി 500 രൂപയായും ഗുണഭോക്തൃവിഹിതം 715 രൂപയായുമാണ് നിശ്ചയിച്ചിരുന്നത്. വിലയിൽ വരുന്ന മാറ്റത്തിന് ആനുപാതികമായി ഗുണഭോക്തൃ വിഹിതത്തിൽ മാറ്റം വരുത്തുന്നു. സബ്സിഡിയിൽ മാറ്റം വരുന്നില്ല. 245 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി (245*500*6=735000), ഗുണഭോക്തൃവിഹിതം എന്നിവ പഞ്ചായത്ത് കേരള ഫീഡ്സിൽ അടവാക്കുന്നു. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കി, രശീതി ഹാജരാക്കുന്നമുറക്ക്, ക്ഷീരോല്പാദക സഹകരണ സംഘം കാലിത്തീറ്റ വിതരണം ചെയ്യുന്നു.

ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ആറ് മാസം കേരള ഫീഡ്സ് ചുവടെ ചേർക്കുന്ന പ്രകാരം കാലിത്തീറ്റ വിതരണം ചെയ്തതായും, സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ കേരള ഫീഡ്സിന് നൽകിയതായും കാണുന്നു. (ഫയൽ പേജ് നം- 98) കാലിത്തീറ്റ ലഭ്യമായത് കൃത്യമായി രേഖപ്പെടുത്തി സ്റ്റോക്കിൽ ചേർക്കാത്തതിനാലും, വിതരണ രേഖകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാത്തതിനാലും, ഫയലിൽ ലഭ്യമായ വിവരങ്ങളാണ് ചേർക്കുന്നത്.)

| മാസം | വിതരണം ചെയ്തചാക്കുകളുടെ എണ്ണം | ഒരുചാക്കിന്റെവില | സബ്സിഡി | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| 9/22 | 225 | 1265 | **112500(225X500)** | - |
| 9/22 | 20 | 1395 | 10000(20X500) | - |
| 11/22 | 245 | 1395 | 122500 (245X500) | - |
| 12/22 | 245 | 1395 | 122500 (245X500) | 167625 |
| 1/23 | 245 | 1395 | 122500(245X500) | - |
| 2/23 | 245 | 1395 | 122500(245X500) | - |
| 3/23 | 245 | 1395 | 122500(245X500) | 768805 |
| | 1470 | | 735000 | 936430 |

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.കാലിത്തീറ്റ വിതരണത്തിനായി പറപ്പൂർ ക്ഷീരോല്പാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്ത ഭരണ സമിതി തീരുമാനം, ക്ഷീരോല്പാദക സഹകരണ സംഘവുമായി ചമച്ച കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.

2.കാലിത്തീറ്റ സ്റ്റോക്കിലെടുത്തതിന്റേയും, വിതരണം ചെയ്തതിന്റേയും രേഖകൾ ഫയലിൽ ലഭ്യമല്ല.

3.വെറ്ററിനറി സർജന്റെ നോട്ട് ഫയൽ Page 94ലെ രേഖപ്പെടുത്തൽ പ്രകാരം 1044 ചാക്ക് തീറ്റമാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്നും ശേഷിക്കുന്ന ചാക്ക് തീറ്റ വിതരണം ചെയ്യാനും പറപ്പൂർ ക്ഷീരോല്പാദക സഹകരണ സംഘം സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4.കാലിത്തീറ്റ വിതരണ പദ്ധതിയിൽ നിന്ന് ഇടയിൽ വിട്ടു പോയ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് (26/3-8-2023) വെറ്റിനറി സർജൻ ചുവടെ ചേർക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
1.കാലിത്തീറ്റ വിതരണത്തിനായി പറപ്പൂർ ക്ഷീരോല്പാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്ത ഭരണ സമിതി തീരുമാനം ലഭിച്ചിട്ടില്ല.
2.കാലിത്തീറ്റ സ്റ്റോക്കിലെടുത്തതും, വിതരണം ചെയ്യുന്നതും ക്ഷീരോല്പാദക സഹകരണ സംഘം മുഖേനയാണ്. ആയത് ലഭ്യമാക്കി അറിയിക്കുന്നതാണ്.
3. ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ആറ് മാസം 1470 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുവാനാണ് പദ്ധതി ആസൂത്രണം ചെയ്തതെങ്കിലും, ഒരു ചാക്ക് പോലും കാലിത്തീറ്റ വാങ്ങാത്ത 41 ഗുണഭോക്താക്കൾ ഉണ്ട്. 1044 ചാക്ക് തീറ്റ മാത്രമേ വിതരണം ചെയ്തിട്ടുള്ളു, ശേഷിക്കുന്ന 426 ചാക്ക് തീറ്റ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ലിസ്റ്റിലെ അർഹരായ ഗുണഭോക്താക്കൾക്ക് തുടർ മാസങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.
കാലിത്തീറ്റ ലഭ്യമായത് കൃത്യമായി രേഖപ്പെടുത്തി സ്റ്റോക്കിൽ ചേർക്കാത്തതിനാലും, വിതരണ രേഖകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാത്തതിനാലും, ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ഈയിനത്തിലെ 7,35000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) |
| പ്രോജക്ട് | 11/23,ഹോമിയോ ഡിസ്പെൻസറിയിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ ,<br>ചെലവ് | 1,00,000<br>1,00,000 |
| വൗച്ചർ നം,തീയതി | 42201050 / 25-11-22.) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| കരാർ | Hco/SA/467/2023/31-1-23 |

മേൽ വൗച്ചറുകൾ പ്രകാരം 1,00,000 രൂപമരുന്നുകൾ വാങ്ങുന്നതിനായി, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് (ഹോംകോ) കൈമാറിയിട്ടുള്ളതാണ് (ഓർഡർ നം.O8D.465/22-23/24-11-22) എന്നാൽ നാളിതു വരെയായി 35599/ രൂപയുടെ മരുന്ന് മാത്രമാണ് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളത്. (Tax Invoice-LF 581/19-7-23) 64401/രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. മേൽ കരാർ വ്യവസ്ഥയിലെ വ്യവസ്ഥ 1 പ്രകാരം സപ്ളൈ ഓർഡർ ലഭിച്ച് ഒൻപത് മാസത്തിനകം മരുന്നുകൾ വിതരണം നടത്താൻ ഹോംകോ ബാദ്ധ്യസ്ഥരാണ്. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 28/4-8-23ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-32 ഡയാലിസിസ് കിറ്റുകൾ ലഭ്യമായിട്ടില്ല

സൂപ്രണ്ട്, സി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് പ്രകാരം ഡയാലിസിസ് കിറ്റുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | 122/23 – ഡയാലിസിസ് യൂണിറ്റിലേക്ക് ഡയാലിസിസ് കിറ്റ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, സി.എച്ച്.സി. |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
